പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1276 — 11.02.2016 -ൽ മറുപടിക്ക്

## പാചകവാതക കണക്ഷൻ

| ചോദ്യം<br>ശ്രീ.കെ.എൻ.എ.ഖാദർ | | മറുപടി<br>ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും പൊതു വിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) പാചകവാതക കണക്ഷൻ നൽകുന്നതിന് ഗ്യാസ് ഏജൻസികൾ ഉപഭോക്താക്കളിൽ നിന്നും അമിതമായ തുക ഈടാക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. അങ്ങനെയുള്ള പരാതികൾ ലഭിയ്ക്കുന്ന മുറയ്ക്ക് അന്വേഷിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) ഏജൻസികൾ പലപ്പോഴും ഗ്യാസ് കണക്ഷൻ നൽകുന്നതിന് ഗ്യാസ് സ്റ്റൗവ്, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ നിർബന്ധപൂർവ്വം ഉപഭോക്താക്കളെ അടിച്ചേൽപ്പിക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്;<br>(സി) ഗ്യാസ് കണക്ഷനോടൊപ്പം സ്റ്റൗവും, അനുബന്ധ ഉപകരണങ്ങളും വാങ്ങാൻ തയ്യാറാകാത്ത ഉപഭോക്താക്കൾക്ക് ഗ്യാസ് കണക്ഷൻ നൽകുന്നതിന്, വിമുഖത കാണിയ്ക്കുന്നതും, കാലതാമസം വരുത്തുന്നതുമായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ കർശന നടപടി സ്വീകരിയ്ക്കുമോ;<br>(ഡി) ഗ്യാസ് ഏജൻസികൾക്ക് ഇത്തരത്തിൽ സ്റ്റൗവും അനുബന്ധ ഉപകരണങ്ങളും വിപണനം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇത് ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്നതിന് ഇടയാക്കുന്ന സാഹചര്യത്തിൽ, ഇത്തരത്തിലുള്ള വിപണനം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി, സി & ഡി) | ഗ്യാസ് സ്റ്റൗവും അനുബന്ധ ഉപകരണങ്ങളും ഉപഭോക്താക്കളുടെ താത്പര്യം അനുസരിച്ച് വിപണനം നടത്തുന്നതിന് ഗ്യാസ് ഏജൻസികൾക്ക് അനുമതി നല്കിയിട്ടുണ്ട് എങ്കിലും ഗ്യാസ് സ്റ്റൗവും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് ഗ്യാസ് ഏജൻസികൾ ഉപഭോക്താക്കളിൽ നിർബന്ധം ചെലുത്താറില്ല എന്നും ടി വിവരം എല്ലാ ഗ്യാസ് ഏജൻസികളിലും എഴുതി പ്രദർശിപ്പിച്ചിട്ടുണ്ട് എന്നും ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതി ഉണ്ടായാൽ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നുണ്ട് എന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ